# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1395 02.03.2017-ന് മറുപടിയ്ക്ക്

**വി.എസ്.എസ്.സി. ക്ക് വസ്തുവും വീടും വിട്ടു നല്കിയവർക്കുള്ള പുനരധിവാസ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എം. ഷാജി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ഇസ്രോ വി.എസ്.എസ്.സി.ക്കുവേണ്ടി വസ്തുവും വീടും വിട്ടു നല്കിയവർക്കുള്ള പുനരധിവാസ പദ്ധതി പൂർണ്ണമായി നടപ്പാക്കിക്കഴിഞ്ഞോ; എങ്കിൽ വിശദവിവരം നല്കാമോ; | (എ) പബ്ലിക് (പൊളിറ്റിക്കൽ & മിലിറ്ററി ബി) വകുപ്പിന്റെ 07/02/63-തീയതിയിലെ ജി.ഒ (എം.എസ്) 65/pub പ്രകാരമാണ് ഇസ്രോ വി.എസ്.എസ്.സി.ക്കുവേണ്ടി സ്ഥലം ഏറ്റെടുത്തവർക്കുള്ള കോളനൈസേഷൻ പദ്ധതി സംബന്ധിച്ച തീരുമാനങ്ങൾ ലഭിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൻ പ്രകാരം കുടിയൊഴിപ്പിയ്ക്കപ്പെട്ട 400 ഓളം കുടുംബങ്ങളിൽ, പാവപ്പെട്ട വിഭാഗത്തിൽ പ്പെട്ടവർക്ക് 10 സെന്റ് സ്ഥലവും ബിൽഡിംഗ് ഗ്രാന്റായി 900 രൂപയും നൽകാൻ വ്യവസ്ഥ ഉണ്ടായിരുന്നു. സമ്പന്ന വിഭാഗത്തിൽപ്പെട്ട കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഭൂമിയേറ്റെടുത്ത തോതിലുള്ള തുക 10 സെന്റിനായി ഈടാക്കാനും വ്യവസ്ഥയുണ്ട്. ഈ വിഭാഗക്കാർക്ക് ബിൽഡിംഗ് ഗ്രാന്റ് നൽകിയിരുന്നില്ല. |
| (ബി) പുനരധിവാസ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്കാണ് വീടുവച്ചു നല്കേണ്ടിയിരുന്നതെന്നും എത്ര കുടുംബങ്ങൾക്ക് വീട് നല്കി പുനരധിവസിപ്പിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം വീട് വച്ച് നൽകുന്നതിനുള്ള വ്യവസ്ഥകൾ ഇല്ലായിരുന്നു. |
| (സി) പുനരധിവാസത്തിനായി എത്ര സ്ഥലം ഏറ്റെടുത്തുവെന്നും ഇതിൽ എത്ര സ്ഥലം, എത്ര കുടുംബങ്ങൾക്കായി വിതരണം ചെയ്തുവെന്നും അറിയിക്കാമോ; | (സി) പുനരധിവാസത്തിനായി 70 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും, ഒരു കുടുംബത്തിന് 10 സെന്റ് വീതം നൽകുന്നതിനുമാണ് സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ യുണ്ടായിരുന്നത്. |
| (ഡി) ഇനിയും വീടു ലഭിക്കാത്തവരുണ്ടെങ്കിൽ അവർക്ക് സമയബന്ധിതമായി വീടു നല്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) നിർദ്ദേശങ്ങൾ പ്രകാരം വീട് നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടായിരുന്നില്ല. |

സെക്ഷൻ ഓഫീസർ